കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം;13/203/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി 13-03-2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് ).

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
ഇരുമ്പിളിയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

.....

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
4)കാര്യാലയ പകർപ്പ്

എം.എ.5/2020

നം കെ.എസ്.എ.എം.പി.എം.13/203/2020 തിയ്യതി:13-03-2020

## മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 8.12.2018 മുതൽ 4.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.01.2020 മുതൽ 18.01.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| ശ്രീ. അബ്ദുൾ ഗഫൂർ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷാജഹാൻ ഖുറൈഷി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ കെ | ഓഡിറ്റർ |

<u>എ) ഭരണ സമിതി</u>

| | | | |
|---|---|---|---|
| പ്രസിഡൻറ് | | | |
| കെ.ടി.ഉമ്മുക്കൽസു ടീച്ചർ | | | 1.4.2018 മുതൽ 25.3.2019 വരെ |
| റജുല വി.കെ | | | 26.3.2019 മുതൽ 31.3.2019 വരെ |
| മെമ്പർമാർ | | | |
| വാർഡ് നമ്പർ | വാർഡിൻറെ പേര് | പേര് | കാലയളവ് |
| 1 | അമ്പാൾ | വേലായുധൻ പള്ളത്ത് | 1.4.2018 മുതൽ 31.3.2019 വരെ |
| | | | |

| | | | |
|---|---|---|---|
| 2 | വലിയകുന്ന് പടിഞ്ഞാറ് | കെ.ടി.ഉമ്മുക്കുൽസു ടീച്ചർ | 1.4.2018 മുതൽ 31.3.2019 വരെ |
| 3 | വലിയകുന്ന് കിഴക്ക് | സരസ്വതി സി | 1.4.2018 മുതൽ 31.3.2019 വരെ |
| 4 | കൊട്ടുമുടി | മമ്മു പാലോളി | 1.4.2018 മുതൽ 31.3.2019 വരെ |
| 5 | കാരപ്പറമ്പ് | പ്രവീണ.ഇ | 1.4.2018 മുതൽ 31.3.2019 വരെ |
| 6 | തോട്ടിലാക്കൽ | സൽമത്ത് പി. | 1.4.2018 മുതൽ 31.3.2019 വരെ |
| 7 | പുറമണ്ണൂർ | അമീർ വി.ടി | 1.4.2018 മുതൽ 31.3.2019 വരെ |
| 8 | ഇരിമ്പിളിയം | ഉമ്മുക്കുൽസു.സി.പി | 1.4.2018 മുതൽ 31.3.2019 വരെ |
| 9 | മോസ്കോ | മഞ്ജുള വി | 1.4.2018 മുതൽ 31.3.2019 വരെ |
| 10 | വേളികുളം | അബൂബക്കർ കീഴ്വീട്ടിൽ | 1.4.2018 മുതൽ 31.3.2019 വരെ |
| 11 | മങ്കേരി | എൻ.ഉമ്മുക്കുൽസു | 1.4.2018 മുതൽ 31.3.2019 വരെ |
| 12 | വട്ടപ്പറമ്പ് | എൻ. മുഹമ്മദ് | 1.4.2018 മുതൽ 31.3.2019 വരെ |
| 13 | തിരുനിലം | ഹേമലത.വി | 1.4.2018 മുതൽ 31.3.2019 വരെ |
| 14 | വെണ്ടല്ലൂർ തെക്ക് | ടി.പി.ഇബ്രാഹിം | 1.4.2018 മുതൽ 31.3.2019 വരെ |
| 15 | വെണ്ടല്ലൂർ വടക്ക് | അബ്ദു കുളമ്പിൽ | 1.4.2018 മുതൽ 31.3.2019 വരെ |
| 16 | ആലിൻചുവട് | റജ്ജല വി.കെ | 1.4.2018 മുതൽ 31.3.2019 വരെ |
| 17 | കോട്ടപ്പുറം | അബ്ദുൾസത്താർ.കെ.പി | 1.4.2018 മുതൽ 31.3.2019 വരെ |

ബി ) നിർവഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ജയശങ്കർ.എ | 01.04.2018 - 30.06.2018 |
| | | |

| | | |
|---|---|---|
| | മുജീബ് പി.കെ, അസിസ്റ്റൻറ് സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്) | 01.07.2018-05.08.2018 |
| | ബിന്ദു.ബി.ആർ, | 06.08.2018 - 31.03.2019 |
| അസിസ്റ്റൻറ് സെക്രട്ടറി | മഞ്ജുഷ. കെ.എസ് | 01.04.2018 - 22.06.2018 |
| | മുജീബ് പി.കെ, | 23.06.2018-11.10.2018 |
| | ഒഴിവ് | 12.10.2018 -23.10.2018 |
| | ജ്യോതി.എസ്, | 24.10.2018 - 31.03.2019 |
| അസി.എൻജിനിയർ | റോണി ജോയ് | 01.04.2018 - 05.01.2019 |
| | നന്ദിത | 06.01.2019-05.03.2019 |
| | സുജിത്ത് ഗോപിനാഥ് | 06.03.2019 - 31.03.2019 |
| എച്ച്.എം | ഇബ്രാഹി.ടി.പി, | 01.04.2018 - 31.03.2019 |
| മെഡിക്കൽ ഓഫീസർ | അഹമ്മദ് പി, | 01.04.2018 - 31.03.2019 |
| വി.ഇ.ഒ | റഷീദ്.വി.പി, | 01.04.2018 - 18.05.2018 |
| | ഷബീർ.എം.ബി, | 19.05.2018 - 17.07.2018 |
| | രജിത.എം, | 18.07.2018 - 31.03.2019 |
| ഐസിഡിഎസ് സൂപർവൈസർ | സൈനബ.കെ | 01.04.2018 - 24.05.2018 |
| | കമലാക്ഷി. പി.പി | 25.05.2018 -31.03.2019 |
| കൃഷി ഓഫീസർ | മഞ്ജു.മോഹൻ.ഇ | 01.04.2018 - 31.03.2019 |
| ആയുർവേദ മെഡിക്കൽ ഓഫീസർ | സന്ധ്യ.സി.വി, | 01.04.2018 - 31.03.2019 |
| മെഡിക്കൽ ഓഫീസർ | സീമ കെ, | 01.04.2018 - 27.07.2018 |
| | | |

| | | |
|---|---|---|
| ഹോമിയോ | സജീന കെ.എ, | 28.07.2018 - 31.03.2019 |
| വെറ്ററിനറി .സർജൻ | മുഹമ്മദ് ഫവാസ്, | 01.04.2018- 14.09.2018 |
| | റംസി മോൾ സലീം | 15.09.2018 - 16.12.2018 |
| | ജലജ.എം.പി | 17.12.2018- 31.03.2019 |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 14 | നികുതി നിർണ്ണയത്തിലെ അപാകത | 1-14 |
| 15 | ലൈസൻസ് ഫീ- സ്ഥാപനങ്ങളുടെ എണ്ണത്തിൽ വൻ കുറവ് | 1-15 |
| 16 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല | 1-16 |
| 17 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു | 1-17 |
| 18 | പൊതുമരമത്ത് ചട്ടത്തിന് വിരുദ്ധമായ തീരുമാനംമൂലം | 1-18 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു | |
| 19 | സംയുക്ത പ്രൊജക്ടുകൾ -സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 20 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കിയത് -രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-20 |
| 21 | ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-21 |
| 22 | ശമ്പള നിർണ്ണയ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 1-22 |
| 23 | പ്രിൻറിങ് ജോലികൾക്ക് തുക നൽകി - GST ബിൽ ഹാജരാക്കേണ്ടതാണ് | 1-23 |
| 24 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-24 |
| 25 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി - അപാകതകൾ | 1-25 |
| 26 | ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കൈമാറിയില്ല | 1-26 |
| 27 | മരുന്നുകൾ ലഭ്യമാവാത്തത് | 1-27 |
| 28 | തക്കതായ കാരണമില്ലാതെ ടെണ്ടർ നിരസിച്ചു - | 1-28 |
| 29 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും നല്കി | 1-29 |
| 30 | ബാലസഭാ പ്രവർത്തനം - അധിക തുക ചെലവഴിച്ചത് | 1-30 |
| 31 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-31 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 32 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു | 3-1 |
| 33 | പൊതുമരാമത്ത് ചട്ടത്തിന് വിരുദ്ധമായ തീരുമാനംമൂലം ടെണ്ടറുകൾ നിരസിച്ചത് -ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു | 3-2 |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 41 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 42 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 45 | Audit Certificate | Annexure 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്.

2018-19 ലെ ബജറ്റ് 26.03.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 25.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം 2018-19 |
|---|---|
| മുന്നിരിപ്പ് | 10985576 |
| വരവ് | 80636627 |
| ആകെ | 91622203 |
| ചെലവ് | 64516697 |
| നീക്കിയിരിപ്പ് | 27105506 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16336341 | 16336341 | 14591064 | 1745277 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8890000 | 8890000 | 6532631 | 2357369 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 475000 | 475000 | 0 | 475000 |
| സംരക്ഷണ ഗ്രാന്റ് | 0 | 4600000 | 4600000 | 4421583 | 178417 |

| | | | | | |
|---|---|---|---|---|---|
| (റോഡ്) | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3379000 | 3379000 | 2510733 | 868267 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7586000 | 7586000 | 7257321 | 328679 |
| ബി ഫണ്ട് | | 50256080 | 50256080 | 5025680 | 0 |
| ISCB SPORTS 4585 | 174723 | 91827 | 266550 | 150000 | 116550 |
| ISCB SANITATION | 9696 | 775 | 10471 | 387 | 10084 |
| ISCB സാക്ഷരത | 1450 | 58 | 1058 | 0 | 1058 |
| PLAN | 40796 | 1896 | 42692 | 0 | 42692 |
| TSC | 667009 | 1374072 | 2041081 | 225736 | 1815345 |
| TREASURY TSB | 2944153 | 35056597 | 38000750 | 15208593 | 22792157 |
| TREASURY OWN FUND | 328950 | 0 | 328950 | 0 | 328950 |
| SMG TREASURY | 6706800 | 73705856 | 80412656 | 12417293 | 1665363 |
| SBT | 94722 | 21168438 | 21263160 | 21127649 | 135511 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 255 | 89401677 | 174 | 50049513 | 13 | 80 | 68.23 |

# 1-6 തൊഴിലുറപ്പ് പദ്ധതി.

തൊഴിലുറപ്പ് പദ്ധതി 2018-19

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2482 | 626950 | 629432 | 453760 | 175672 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 11869718 | 11869718 | 11869718 | 0 |

(എ.എഫ്.എസ് പ്രകാരമുള്ള വരവ് യഥാർത്ഥ വരവിൽ നിന്ന് വ്യത്യാസമുണ്ട് )

# 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55680 | 39 |
| കർഷകതൊഴിലാളി വേതനം | 3181800 | 61 |
| വിധവാപെൻഷൻ | 14945200 | 688 |
| വാർദ്ധക്യകാലപെൻഷൻ | 26600700 | 1987 |
| വികലാംഗപെൻഷൻ | 4182600 | 190 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ.....സഹായം | 1050100 | 53 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.1.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32457 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1) അസ്സറ്റ് രജിസ്റ്റർ കാലികമല്ല.

2) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/12/2019 | 11/2019 | 18/12/2019 |
| എ.ജി ഓഡിറ്റ് | 05.12.2015-19.12.2015 | 2010-11 - 2014-15 | 18.01.2016 |

# 1-11 വാർഷികകണക്കിലെ അപാകതകൾ

1. വാർഷിക കണക്ക് പ്രകാരം VPFA I-II അക്കൗണ്ടിൽ 3,28,950 രൂപ നീക്കിയിരിപ്പുണ്ട്. ആയതിൻറെ ട്രഷറി സ്റ്റേറ്റ്മെൻറ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. B-4 പ്രകാരമുള്ള തുകകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിൻറെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. തൊഴിലുറപ്പ് പദ്ധതിക്കായി നൽകിയ അഡ്വാൻസ് തുകകളിൽ റജിസ്റ്റർ പ്രകാരം തനത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനവശേഷിക്കുന്നത് 9,13,000 രൂപയാണ്. എന്നാൽ വാർഷികക്കണക്ക് (B-18) പ്രകാരം ആയത് 7,78,250 രൂപയാണ്.

4. ഫിക്സഡ് അസറ്റുകൾക്ക് തൻവർഷ ഡിപ്രീസിയേഷൻ (I-17(a)) കണക്കാക്കിയിട്ടില്ല.

5. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ്

B-11ൻെറ കൃത്യത പരിശോധിക്കാനായിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ച് സംഗ്രഹം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

7. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. മുൻ വാർഷിക കണക്കിലെ(2017-18) അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടില്ല.

# 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | കെ.ടി.ജെ. പെട്രോളിയം | 2018-19 ഒന്നം രണ്ടും |
| 2. | ഇരിമ്പിളിയം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2018-19 രണ്ടാം |
| 3. | പൊന്നാനി കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് | 2018-19 രണ്ടാം |

പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-18/16.1.2020) ക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി അടവാക്കിയ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2018-19 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, ഇരിമ്പിളിയം | 2018-19 ഒന്നം രണ്ടും |
| 2 | സിറ്റി ഫിനാൻസ് | 2018-19 ഒന്നം രണ്ടും |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-18/16.1.2020) ക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 നികുതി നിർണ്ണയത്തിലെ അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 3/326 D ,E | പത്മനാഭൻ നെല്ലേക്കാട്ട് | 111.87 | 30 | 50 |
| 17/ 144J | രാമൻ എന്ന പൊന്നു., പന്നിക്കോട്ടിൽ | 110.6 | 30 | 50 |
| 10/ 393A,B,CD,E,F | ഉണ്ണീൻകുട്ടി, ഇട്ടിമ്മൽ | 164.88 | 30 | 50 |
| 4/ 289J to S | ജിനേഷ് പടിക്കപ്പറമ്പിൽ | 196.74 | 30 | 50 |

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-17/16.1.2020) ക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീ- സ്ഥാപനങ്ങളുടെ എണ്ണത്തിൽ വൻ കുറവ്

2018-19 വർഷത്തിൽ ലൈസൻസ് എടുത്ത/ പുതുക്കിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ, മുൻ വർഷത്തേക്കാൾ വൻ കുറവ് വന്നിട്ടുണ്ട്. 2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 260 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ 208 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സ്ഥാപനങ്ങളുടെ എണ്ണത്തിൽ വലിയ കുറവ് വന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട്

സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-20/16.1.2020) ക്ക് മറുപടി നൽകിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-16 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല

CBEC Circular No.65/39/2018 തി.14.9.2018 പ്രകാരം 1.10.18 മുതൽ നൽകുന്ന പേയ്മെന്റിൽ നിന്നും GST 2% ഈടാക്കേണ്ടതുണ്ട്.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും GST ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ മൂല്യനിർണ്ണയം | ഈടാക്കേണ്ട നികുതി | ബിൽ നം./ തിയ്യതി |
|---|---|---|---|---|---|
| 1 | ചേലപ്ര കുഞ്ഞൻപടി റോഡ് മെയിന്റനൻസ് (215/19) | പി.മുജീബ് റഹ്മാൻ | 468685 | 9374 | 23/16.11.18 |
| 2 | പ്രതീക്ഷാ ഡെകെയർ സെന്റർ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററർ ആക്കിമാറ്റൽ(230/19) | ടി.മനോമോഹനൻ.എൻ.പി | 614163 | 12283 | 26/1611.18 |

ആകെ 21657

തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

( GST ഈടാക്കത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.12/14.1.2020 ന് GST ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്). അടവ് വിവരം അറിയിക്കേണ്ടതാണ്.

## 1-17 കരാർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു

2018-19 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 2 പ്രവൃത്തികളിൽ കരാർ തുകയിൽ പരിമിതപ്പെടുത്താത്തതിനാൽ തുക അധികം നൽകാൻ ഇടയായി.വിശദവിവരം ഖണ്ഡിക 3-1കാണുക

## 1-18 പൊതുമരമത്ത് ചട്ടത്തിന് വിരുദ്ധമായ തീരുമാനംമൂലം

# ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു

2018-19 -ൽ അംഗീകാരം ലഭിച്ച അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ 28 പ്രവൃത്തികൾക്ക് 10.8.18 ന് ടെണ്ടർ ക്ഷണിച്ചെങ്കിലും 8 പ്രവത്തികൾക്ക് മാത്രമാണ് ടെണ്ടർ ലഭിച്ചത് എന്ന കാരണത്താൽ മുഴുവൻ ടെണ്ടറുകളും നിരസിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു.വിശദവിവരം ഖണ്ഡിക 3-2 കാണുക

# 1-19 സംയുക്ത പ്രൊജക്ടുകൾ -സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിച്ച ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്തത് മൂലം വൻ തുക 31.03.2019 ൽ അവശേഷിക്കുന്നതായി കാണുന്നു. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ 15,73,818/- രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| Contributions for Joint Venture Projects (for Capital Expenditure) – from Block Panchayat | 14,648 |
| Contributions for Joint Venture Projects (for Capital Expenditure) – from District Panchayat | 10,00,000 |
| Contributions for Other specific purposes (for Revenue Expenditure) – from Block Panchayat | 5,55,750 |
| Contributions for Other specific purposes (for Revenue Expenditure) – from District Panchayat | 3,420 |
| Total | 15,73,818 |

ജി.ഒ(പി) 07/2017/Fin dated 23.01.2017, 119/2015/fin dated 21.03.2015 എന്നീ ഉത്തരവുകളിൽ സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചവ വിനിയോഗിച്ചില്ലെങ്കിൽ ആയവ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരിച്ചുനല്കണമെന്ന് വ്യക്തമാക്കുന്നുണ്ട്.

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-20 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കിയത് -രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കുന്നതിനായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടവാക്കിയ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം. 21800338/01-09-2018 : 22,000

വൗച്ചർ നം. 21800411/09-10-2018 : 49,000

വൗച്ചർ നം. 21800396/09-10-2018 : 18,700

വൗച്ചർ നം. 21800410/09-10-2018 : 1,00,000

വൗച്ചർ നം. 21800428/25-10-2018 : 27,476

വൗച്ചർ നം. 21800514/16-11-2018 : 14,573

വൗച്ചർ നം. 21800546/04-12-2018 : 15,415

വൗച്ചർ നം. 21800743/21-02-2019 : 13,408

തുകകൾ അടവാക്കിയതിൻെറ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2017-18 രണ്ടാം അർദ്ധ വർഷത്തേയും, 2018-19 ഒന്നാം അർദ്ധവർഷത്തേയും വസ്തുനികുതിക്കൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് 21800617/16-01-2019 -ാം നമ്പർ വൗച്ചർ പ്രകാരം മാത്രമാണ് 2,03,136/-രൂപ അടവാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

## 1-22 ശമ്പള നിർണ്ണയ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള നിർണ്ണയ കുടിശ്ശിക (മൂന്നും നാലും ഗഡു) അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിൻെറ **പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല**വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 21800187/23-06-2018 | 1,00,802 |
| 2 | 21800188/23-06-2018 | 35,840 |
| 3 | 21800189/23-06-2018 | 12,313 |
| 4 | 21800190/23-06-2018 | 11,225 |
| 5 | 21800427/25-10-2018 | 94032 |

ശമ്പള കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 പ്രിന്റിങ് ജോലികൾക്ക് തുക നൽകി - GST ബിൽ ഹാജരാക്കേണ്ടതാണ്

പഞ്ചായത്ത് ആവശ്യങ്ങൾക്ക് പ്രിൻറിങ് ജോലികൾ ചെയ്ത താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| വൗച്ചർ നം /തീ | തുക | സ്ഥാപനം |
|---|---|---|
| 21800192/23.06.18 | 4,000 | ജ്യോതി പ്രസ്, വളാഞ്ചേരി |
| 21800193/23.06.18 | 41,500 | |
| 21801067/29-03-19 | 71,000 | |
| 21800201/26.06.18 | 5,200 | മോഡേൺ പ്രിന്റ് സൊല്യൂഷൻ |
| 21800202/26.06.18 | 37,500 | |

മേൽ തുകകളുടെ GST രജിസ്ട്രേഷനോടുകൂടിയ ബിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 18% GSTഈടാക്കി അടവാക്കേണ്ടതാണ്.

## 1-24 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, രശീതിഎന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല-

| ക്ര. നം. | പ്രൊജക്ട് | ബിൽ/വൗച്ചർ നം./ തിയ്യതി | തുക | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം അടവാക്കൽ<br>നം. S024/19<br>അടങ്കൽ : 6,00,000 (വികസന ഫണ്ട്) | ബിൽ നം.03/30-05-2018 | 6,00,000 | SSA, മലപ്പുറം |
| 2 | എസ്.എസ്.എ. വിഹിതം അടവാക്കൽ<br>(എസ്.സി.പി)<br>നം. S025/19<br>അടങ്കൽ : 2,00,000<br>(എസ്.സി.പി. ഫണ്ട്) | ബിൽ നം.04/30-05-2018 | 2,00,000 | SSA, മലപ്പുറം |
| 3 | റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ<br>നം. S029/19<br>അടങ്കൽ : 50,000 (തനത് ഫണ്ട്) | വൗച്ചർ നം. | 47,659 | KSEB, വളാഞ്ചേരി |
| 4 | എം.ഇ.എസ്- ഐ.ടിസി. റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (വാർഡ്-15) | ബിൽ നം.11/30-11-2018 | 40,000 | കേരളാ |

| | | | | |
|---|---|---|---|---|
| | നം. S036/19<br>അടങ്കൽ : 40,000 (ഫിനാൻസ് കമ്മീഷൻ അവാർഡ്) | | | വാട്ടർ അതോരിറ്റി |
| 5 | മമ്മി പീടിക – ചോലപാടം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (വാർഡ്-15)<br>നം. S037/19<br>അടങ്കൽ : 1,00,000 (ഫിനാൻസ് കമ്മീഷൻ അവാർഡ്) | ബിൽ നം.12/30-11-2018 | 1,00,000 | കേരളാ വാട്ടർ അതോരിറ്റി |
| 6 | പ്രദീപ് ഡോക്ടർ പടി - കായൽ പാടം പൈപ്പ് ലൈൻ നീട്ടൽ<br>നം. S038/19<br>അടങ്കൽ : 1,30,000 (125,000- ഫിനാൻസ് കമ്മീഷൻ അവാർഡ്<br>5,000-തനത് ഫണ്ട്) | വൗച്ചർ നം. 21800614/15-01-2019 : 5,000<br>ബിൽ നം. 13/30-11-2018 : 1,25,000 | 1,30,000 | കേരളാ വാട്ടർ അതോരിറ്റി |
| 7 | പ്രദീപ് ഡോക്ടർ പടി - കായംപള്ളത്ത് പൈപ്പ് ലൈൻ നീട്ടൽ<br>നം. S041/19<br>അടങ്കൽ : 85,000 (75,000- ഫിനാൻസ് കമ്മീഷൻ അവാർഡ്<br>10,000-തനത് ഫണ്ട്) | വൗച്ചർ നം. 21800614/15-01-2019 : 10,000<br>ബിൽ നം.14/30-11-2018 : 75,000 | 85,000 | കേരളാ വാട്ടർ അതോരിറ്റി |
| 8 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ<br>നം. S0200/19<br>അടങ്കൽ :3,00,000 (ഫിനാൻസ് കമ്മീഷൻ അവാർഡ്) | ബിൽ നം.19/31-12-2018 | 3,00,000 | കേരളാ വാട്ടർ അതോരിറ്റി |
| 9 | കോട്ടപ്പുറം - വലിയകുന്ന് ഏരിയ ലൈൻ വലിക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്തത് | വൗച്ചർ നം. 21800256/25-06-2018<br>(ചെക്ക് നം.011384/25-06-18) | 33,301 | KSEB, വളാഞ്ചേരി |
| 10 | പുറമണ്ണൂർ-വെങ്ങാട് റോഡ് പോസ്റ്റ് മാറ്റൽ | വൗച്ചർ നം. 21800515/24-11-2018 | 28,051 | KSEB, വളാഞ്ചേരി |
| 11 | വിവിധ സ്ഥലങ്ങളിൽ പോസ്റ്റ് മാറ്റൽ | വൗച്ചർ നം. 21800517/24-11-2018 | 19,608 | KSEB, വളാഞ്ചേരി |
| 12 | കണക്കർകാവ്-ആനക്കരപ്പാടം ജലസേചന പദ്ധതി വൈദ്യുതി കണക്ഷൻ എടുക്കൽ<br>നം. S0298/19<br>അടങ്കൽ :75,000 (തനത് ഫണ്ട്) | വൗച്ചർ നം. 21800820/24-11-2018 | 37,840 | KSEB, വളാഞ്ചേരി |
| 13 | അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ (സെൻറർ നം.44,47,64)<br>നം. S045/19<br>അടങ്കൽ :25,000 (തനത് ഫണ്ട്) | വൗച്ചർ നം. 21800821/24-11-2018 | 17,782 | KSEB, വളാഞ്ചേരി |
| | | | ആകെ | 16,39,241 |

07/13-01-20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി കിട്ടിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ 16,39,241 രൂപ തടസ്സം ചെയ്യുന്നു.

## 1-25 തെരുവ് വിളക്ക് റിപ്പയർ പദ്ധതി - അപാകതകൾ

പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ

നം : S047/2019

അടങ്കൽ : 3,00,000 (ഫിനാൻസ് കമ്മീഷൻ അവാർഡ് - 2,00,000 തനത് ഫണ്ട് - 1,00,000)

ബിൽ നം. 28/16-03-2019 : 1,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :

1. വർക്ക് ഓർഡർ നം.എ3-3000/2017/16-01-2019 പ്രകാരം , എല്ലാ മാസവും പഞ്ചായത്തിലെ തെരുവ് വിളക്ക് പരാതി റജിസ്റ്റർ പരിശോധിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അപ്രകാരം നടപടികൾ സ്വീകരിച്ചതിൻെറ വിവരം ലഭ്യമല്ല.

2. ഓരോ സ്ഥാപനവും സൂക്ഷിക്കേണ്ട തെരുവ് വിളക്കുകളുടെ ഇനം, വാട്ട്,സ്ഥാനം എന്നിവ വിശദമാക്കുന്ന റജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. കരാർ പ്രകാരം, റിപ്പയർ ചെയ്യുന്ന ഓരോ വിളക്കുകൾക്കുമുള്ള വിലയാണ് നൽകേണ്ടത്, എന്നാൽ നിശ്ചിത കാലയളവുകളിൽ, വാല്യേഷൻ നടത്താതെ ഗഡുക്കളായി തുക നൽകുകയാണ് ചെയ്തത്.

ഒന്നാം ഗഡു മേൽ ബിൽ പ്രകാരം 1,00,000 രൂപയും , രണ്ടാം ഗഡു ആയി ബിൽ നം. 12/09-10-2019 പ്രകാരം 88,644 രൂപയും (കിഴിവുകൾ വരുത്തിയതിന് ശേഷം) നൽകിയിട്ടുണ്ട്. 147/11-02-2019-ാം നമ്പർ ഇൻവോയ്സ് പ്രകാരമുള്ള 3,00,571രൂപയിൽ അവശേഷിക്കുന്ന തുക കൂടി ലഭ്യമാക്കാൻ സ്ഥാപനം അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. 11-02-2019ലെ ഇൻവോയ്സിൽ രേഖപ്പെടുത്തിയ തുകയ്ക്കനുസൃതമായ തെരുവ് വിളക്കുകൾ കൃത്യമായ കരാർ കാലയളവിൽ കേടുവരുന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

3. സ്ഥാപനം കമ്പ്യൂട്ടറൈസ്ഡ് ടാക്സ് ബിൽ ഹാജരാക്കാതെ 147/11-02-2019-ാം നമ്പർ ഇൻവോയ്സ് പ്രകാരം തുക നൽകുകയാണ് ചെയ്തത്.

14/14-01-20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-26 ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കൈമാറിയില്ല

പ്രോജക്റ്റ് – ലൈഫ് പദ്ധതി

നം - S0118/2019

അടങ്കൽ - 1,40,00,000

ചെലവ്- 79,21,400

നിർവ്വഹണം- വി.ഇ.ഒ

ലൈഫ്-ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ച 26 ഗുണഭോക്താക്കൾക്ക് നാളിതുവരെയായി 3,00,000ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. സംസ്ഥാന വിഹിതം ലഭ്യമാവാത്തതിനാലാണ് അവശേഷിക്കുന്ന തുക നൽകാൻ സാധിക്കാതെ വന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. സംസ്ഥാന വിഹിതത്തിനായി അപേക്ഷിക്കുന്നതിൽ കാലവിളംബം ഉണ്ടായതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-27 മരുന്നുകൾ ലഭ്യമാവാത്തത്

ഓഡിറ്റ് എൻക്വയറി നമ്പർ 08/14.01.2020

1. Proj. 74/19 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

ബിൽ 04/19.12.18 പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയ തുകയിൽ താഴെ പറയുന്ന സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമെ ലഭ്യമായിട്ടുള്ളു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 2515/28.02.19 | 36,874 |
| 2 | 17316/18.03.19 | 82,294 |
| 3 | 2751/18.03.19 | 75,371 |
| 4 | 2905/26.03.19 | 23,580 |
| 5 | 1453/05.05.19 | 5,064 |
| | ആകെ | 2,23,183 |

2,76,817/- രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

2. Proj. 87/19 പരിരക്ഷ പെയിൻ ആന്റ് പാലിയേറ്റീവ്

മേൽ പ്രൊജക്ടിൽ ബ്ലോക്ക് വിഹിതമായി ലഭിച്ച 1,75,000/- രൂപ 2098983/16.03.19 പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നല്കിയിട്ടുള്ളതാണ്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

